പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3312 19.06.2018-ലെ മറുപടിക്ക്

# അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ദുരവസ്ഥ

ചോദ്യം

ശ്രീ.റോജി എം. ജോൺ

ഉത്തരം

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ദുരവസ്ഥ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;വിശദാംശം ലഭ്യമാക്കാമോ; | (എ) | യാർഡ് പൊട്ടി പൊളിഞ്ഞ നിലയിലുള്ള അങ്കമാലി കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഡിപ്പോയിൽ ബസ് കയറുന്ന സ്ഥലത്തെ വലിയ കുഴികൾ കോർപ്പറേഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ട് എത്ര മാസമായി എന്ന് വിശദമാക്കാമോ; | (ബി) | അഞ്ച് മാസത്തോളം. |
| (സി) | പ്രസ്തുത കുഴികൾ മഴക്കാലത്തിനും സ്കൂൾ തുറക്കുന്നതിനും മുമ്പായി പുനരുദ്ധരിക്കണമെന്ന് ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ 27.02.2018- ൽ കെ.എസ്.അർ.ടി.സി എം.ഡി-യ്ക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; | (സി) | 17.02.2018-ൽ അസിസ്റ്റന്റ് എഞ്ചിനീയറോട് യാർഡിന്റെ അറ്റകുറ്റപണികൾ നടത്താനുള്ള എസ്റ്റിമേറ്റ് സമർപ്പിക്കാൻ നിർദ്ദേശം നൽകിയതനുസരിച്ച് 9.10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 20.04.2018-ൽ നടന്ന ടെൻഡറിൽ ആരും പങ്കെടുക്കാതിരുന്നതിനെ തുടർന്ന് 21.05.2018-ൽ റീ-ടെൻഡർ ചെയ്തതിൽ ഒരാൾ മാത്രം ബിഡ് സമർപ്പിക്കുകയും ടിയാൾക്ക് 01.06.2018-ൽ സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തു. |

| | | | |
|---|---|---|---|
| (ഡി) | മഴക്കാലം തുടങ്ങി സ്കൂളുകൾ തുറന്നിട്ടും ഒരു നടപടിയും കെ. എസ്.ആർ.ടി.സി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ; | (ഡി) | കരാറുകാരന് 01.06.2018-ൽ സെലക്ഷൻ നോട്ടീസ് നൽകിയെങ്കിലും ഇതുവരെ എഗ്രിമെന്റ് വെച്ചിട്ടില്ല. |
| (ഇ) | ഇക്കാര്യത്തെക്കുറിച്ച് അന്വേഷണം നടത്തുമോ; വിശദാംശം ലഭ്യമാക്കാമോ ; | (ഇ) | ഉടൻ തന്നെ പണി തുടങ്ങുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (എഫ്) | കുഴികൾ അടയ്ക്കുന്നതിന് ഇനി എത്ര നാൾകൂടി കഴിയണമെന്ന് വ്യക്തമാക്കാമോ? | (എഫ്) | കരാറുകാരനുമായി കരാറിൽ ഏർപ്പെട്ടശേഷം മൂന്നു മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ